DESPATCHED
On.1.6.2020

26/02/2020



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ A.P. No.2427(6)/2016/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.15543/എസ്.ഐ.സി–ജി 5/2016)*

സന്നിഹിതൻ

**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

ശ്രീ. പുഷ്പരാജൻ കെ.വി.
പുഷ്പാജ്ഞലി,
കാരുകുളങ്ങര, ഇരിങ്ങാലക്കുട പി.ഒ
തൃശ്ശൂർ– 680 121
} അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
   പറപ്പൂക്കര ഗ്രാമപഞ്ചായത്ത്,
   നന്തിക്കര പി.ഒ., തൃശ്ശൂർ– 680 301

2. അപ്പീൽ അധികാരി & പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
   പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
   തൃശ്ശൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 21.06.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 04.07.2016 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 17.08.2016 |
| മറുപടി ലഭ്യമാക്കിയ തീയതി | 16.09.2016 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 08.12.2016 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 14.12.2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 18.01.2017 |
| മേൽ പ്രസ്താവിച്ച പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 04.02.2017 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 04.02.2020,25.02.2020<br>വീഡിയോ കോൺഫറൻസ് ഹാൾ,കളക്ടറേറ്റ്,തൃശ്ശൂർ |
| ഹിയറിംഗിലെ സാന്നിധ്യം :അപ്പീൽ ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി,(25.02.20) |

RIGHT TO INFORMATION

**ഉത്തരവ്**

അപ്പീൽ ഹർജിക്കാരനായ ശ്രീ. പുഷ്പരാജൻ കെ.വി. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടിയൊന്നും നൽകാത്തതിനാൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ആയതു പ്രകാരം ടിയാൻ ആവശ്യപ്പെട്ട പകർപ്പുകൾ സൗജന്യമായി നൽകാൻ ഉത്തരവായിരുന്നുവെന്നും ടിയാൻ നേരിട്ട് ഒന്നാം എതിർകക്ഷി ഓഫീസിൽ ഹാജരായി പകർപ്പുകൾക്ക് ആവശ്യപ്പെട്ടെങ്കിലും നൽകിയില്ലായെന്നും നാളിതുവരെയായിട്ടും ടിയാൻ ആവശ്യപ്പെട്ട പകർപ്പുകൾ നൽകിയിട്ടില്ലെന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i) പറപ്പൂക്കര ഗ്രാമപഞ്ചായത്ത് 16.07.2005 തീയതി A4 5322/2016 നമ്പറായി പുറപ്പെടുവിച്ച ഉത്തരവു പ്രകാരം 5-ാം വാർഡ് നെല്ലായി പള്ളം റോഡിൽ ശ്രീ.കെ.ജി.രാജേഷ് അനധികൃതമായി നടത്തിയ നിർമ്മാണം പൊളിച്ചു മാറ്റിയോ എന്നും

ii) ആരാണ് പൊളിച്ചുമാറ്റിയതെന്നും ആസ്തി രജിസ്റ്റർ എന്നാണ് തയ്യാറാക്കിയതെന്നും ആസ്തി രജിസ്റ്റർ പ്രകാരം മേൽപ്പടി സ്ഥലത്തെ വീതി എത്രയാണെന്നും

iii) അനധികൃതമായി നടത്തിയ നിർമ്മാണം പൂർണ്ണമായും പൊളിച്ച് മാറ്റിയോ എന്നും അതോ ഭാഗികമായാണോ മാററിയിരിക്കുന്നതെന്നും

iv) അനധികൃത നിർമ്മാണത്തിന്റെ നീളവും വീതിയും എത്ര മീറ്ററാണെന്നും മറ്റുമായി 11 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നാളിതുവരെ യാതൊരു മറുപടിയും നൽകിയിട്ടില്ലായെന്നാണ്. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി പുറപ്പെടുവിച്ച ഉത്തരവിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ച

ത്, ഹർജിക്കാരനുള്ള മറുപടി 04.07.16 തീയതി രജിസ്റ്റേഡ് തപാലിൽ അയച്ചു നൽകിയിരുന്നുവെന്നും എന്നാൽ ഹർജിക്കാരന്റെ അഡ്രസ് പൂർണ്ണമായി എഴുതിയിരുന്നില്ലെന്നും ആയത് ഡെസ്പാച്ച് സെക്ഷനിൽ നിന്നും സംഭവിച്ച ക്ലറിക്കൽ പിശകാണെന്നും ഹിയറിംഗിനായി ഹാജരായ ഒന്നാം എതിർകക്ഷി ബോധിപ്പിച്ചു എന്നും മേൽപ്പടി വാദം അംഗീകരിക്കാൻ നിർവ്വാഹമില്ലെന്നും ഹർജിക്കാരന് അയച്ച മറുപടി തിരിച്ചുവന്ന അവസരത്തിലെങ്കിലും അഡ്രസ് പരിശോധിച്ചിരുന്നുവെങ്കിൽ മേൽപ്പടി സാഹചര്യം ഉണ്ടാവുകയില്ലായിരുന്നുവെന്നും വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷ തികഞ്ഞ ലാഘവ ബുദ്ധിയോടെയാണ് ഒന്നാം എതിർകക്ഷി കൈകാര്യം ചെയ്തതെന്നും ആയതിനാൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങളുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ലഭ്യമായ രേഖകൾ പരിശോധിക്കാൻ ടിയാനെ അനുവദിക്കേണ്ടതാണെന്നും മറുപടി നൽകുന്നതിന് നിശ്ചയിച്ചിട്ടുള്ള സമയപരിധി കഴിഞ്ഞതിനാൽ ഹർജിക്കാരൻ ആവശ്യപ്പെടുന്ന രേഖകളുടെ പകർപ്പുകൾ ടിയാന് സൗജന്യമായി നൽകണമെന്നും മറ്റുമാണ്.

4. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, 2018 ഓഗസ്റ്റ് മാസമുണ്ടായ മഹാ പ്രളയത്തിൽ, പറപ്പൂക്കര ഗ്രാമ പഞ്ചായത്ത് ഓഫീസിൽ ആറടി ഉയരത്തിൽ വെള്ളം കയറിയെന്നും ടി ഓഫീസിൽ ഉണ്ടായിരുന്ന ഫയലുകൾ നശിച്ചു പോയിട്ടുള്ളതാണെന്നും മേൽ പ്രകാരം ഫയലുകളും രജിസ്റ്ററുകളും നഷ്ടപ്പെട്ടുപോയിട്ടുള്ള വിവരം 24.09.2018 തീയതിയിലെ A3-7091/2018 കത്തു മുഖാന്തിരം വകുപ്പു മേലാധികാരിയായ പഞ്ചായത്തു ഡയറക്ടറെ അറിയിച്ചിട്ടുള്ളതാണെന്നും ആയതിനാൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷ സംബന്ധിച്ച ഫയൽ ഈ അവസരത്തിൽ ലഭ്യമല്ലെന്നുമാണ്.

5. ഹർജിക്കാരൻ സമർപ്പിച്ചിരുന്ന വിവരാവകാശ അപേക്ഷാ ഫയൽ 2018 ലെ പ്രളയത്തിൽ നശിച്ചു പോയിട്ടുള്ളതായി നിലവിലെ പറപ്പൂക്കര ഗ്രാമ പഞ്ചായത്തു സെക്രട്ടറി അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ, ഹർജിക്കാരനെ നിലവിലെ ഒന്നാം എതിർകക്ഷി ബന്ധപ്പെട്ട് ടിയാന്റെ അപേക്ഷ വിഷയത്തിൽ ഇനിയും എന്തെങ്കിലും വിവരം ലഭിക്കാനുണ്ടോ എന്നു തിരക്കി അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണെന്നു കമ്മീഷൻ ഉത്തരവാകുന്നു.

RIGHT TO INFORMATION

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 26–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

ഒപ്പ്

വിൻസൻ എം. പോൾ

മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)